## 13. ഒരു തരി സയനൈഡ്

കുറ്റാന്വേഷണ ചരിത്രം പരിശോധിച്ചാൽ പത്തൊൻപതാം നൂറ്റാണ്ടിൽ നിരവധി ഭർത്തൃഹത്യകളുടെയും ഭാര്യാഹത്യകളുടെയും കാലമായിരുന്നു എന്നു കാണാം. എല്ലാ കൊലകൾക്കും ഉപയോഗിച്ചിരുന്നത് ആർസെനിക് എന്ന വിഷമായിരുന്നു. നിറമോ മണമോ അരുചിയോ ഇല്ലാത്തതിനാൽ വിഷം ഭക്ഷണത്തിൽ കലർത്തിയായിരുന്നു നല്കിയിരുന്നത്. ഉള്ളിൽ ചെന്നാൽ കോളറ രോഗത്തിന്റെ ലക്ഷണങ്ങൾ ആയിരിക്കും പ്രകടമാകുന്നത്. വിഷബാധയാണെന്ന് ആർക്കും മനസ്സിലാകുകയില്ല. സംശയാതീതമായി തെളിയിക്കപ്പെടാത്തതിനാൽ മിക്ക കൊലപാതകങ്ങളിലും ഘാതകർ രക്ഷപ്പെടുമായിരുന്നു. വിഷബാധ കണ്ടുപിടിക്കുവാനുള്ള ഉപാധികളും ഉപകരണങ്ങളും അക്കാലത്ത് വിരളമായിരുന്നു. വിഷശാസ്ത്രം അതിന്റെ ശൈശവദശയിലായിരുന്നു. എന്നാൽ ഇപ്പോൾ രാസപരിശോധനയ്ക്കുള്ള അത്യന്താധുനികമായ സങ്കേതങ്ങൾ ഉപയോഗിച്ച് ഏതു വിഷം, എന്തളവിൽ ശരീരത്തിൽ കടന്നിട്ടുണ്ട് എന്ന് രക്തമോ മൂത്രമോ പരിശോധിച്ചാൽ കണ്ടുപിടിക്കാം.

സമാനമായ രണ്ട് കൊലപാതകങ്ങൾ: കാമുകനോടൊപ്പം ജീവിക്കാൻ ഭർത്താവിന് വിഷം നല്കിയ ഭാര്യയുടെയും കാമുകിയോടൊപ്പം കഴിയാൻ ഭാര്യയ്ക്ക് വിഷം നല്കിയ ഭർത്താവിന്റെയും കഥ പറയാം.

### കാമുകനുവേണ്ടി ഭർത്താവിന് വിഷം

സൗദി അറേബ്യയിൽ ഏറെനാൾ ജോലിചെയ്ത രമേശൻ തന്റെ സമ്പാദ്യവുമായി നാട്ടിലെത്തി. ഒരു വീടു പണിയണം, അല്പം കൃഷിഭൂമി വാങ്ങണം തുടങ്ങിയ ആഗ്രഹങ്ങളുമായി 15 വർഷമാണ് അയാൾ പ്രവാസിയായി ജീവിച്ചത്. അതിനിടെ ഭാര്യ നാട്ടുകാരനായ ഒരാളുമായി അവിഹിതമായ അടുപ്പത്തിലായി.

നാട്ടിലെത്തിയ ഭർത്താവ് അക്കാര്യം അറിഞ്ഞതോടെ കുടുംബത്തിൽ കലഹമായി. ഭാര്യ അവരുടെ വീട്ടിലേക്ക് പിണങ്ങിപ്പോയെങ്കിലും മധ്യസ്ഥർ ഇടപെട്ട് ദിവസങ്ങൾക്കകം തിരിയെ കൊണ്ടുവന്നു. ഭാര്യയ്ക്ക് അയാൾ മാപ്പും നല്കി. കുടുംബജീവിതം ശാന്തമായതോടെ രമേശൻ പുതിയ വീടു പണിയാനുള്ള ഒരുക്കം തുടങ്ങി. വീടിന്റെ പ്ലാൻ വരച്ചു. നിർമ്മാണ സാമഗ്രികൾ ശേഖരിച്ചു. കല്ലിടാനുള്ള നേരവും നിശ്ചയിച്ചു. അങ്ങനെയിരിക്കെയാണ് ഒരു ദിവസം ഭക്ഷണം കഴിച്ചുകൊണ്ടിരുന്നതിനിടെ രമേശൻ ഒരലർച്ചയോടെ മറിഞ്ഞു വീണു മരിച്ചത്. പതിവുപോലെ ഭാര്യയ്ക്കും മക്കൾക്കുമൊപ്പമിരുന്നാണ് അയാൾ അത്താഴം കഴിച്ചത്.

ഭക്ഷണത്തിനൊപ്പം ബ്രാണ്ടി കഴിക്കുന്ന ശീലം അയാൾക്കുണ്ടായിരുന്നു. എല്ലാ ദിവസവും ഭക്ഷണം വിളമ്പി മേശപ്പുറത്തു വച്ചതിനുശേഷം ഭാര്യ അയാളെ വിളിക്കും. അപ്പോൾ അയാൾ അലമാരയിൽ സൂക്ഷിച്ചിരിക്കുന്ന കുപ്പിയിൽ നിന്നും രണ്ട് ഔൺസ് ബ്രാണ്ടി ഒരു ഗ്ലാസ്സിൽ പകർന്നു കൊണ്ടായിരിക്കും ഡൈനിങ് ഹാളിലേക്ക് വരുന്നത്. ഭാര്യ ബ്രാണ്ടിയിൽ വെള്ളം പകർന്നു കൊടുക്കും. ഭക്ഷണം കഴിക്കുന്നതിലും പ്രത്യേകത

Click here to access this Book :

**FREE DOWNLOAD**



*PDF Drive - Recherchez et téléchargez gratuitement des fichiers PDF.*

